# ഹരിതകര്‍മ്മ സേനാംഗങ്ങള് യു.എന്.വനിതാ വിഭാഗം സംഘടിപ്പിക്കുന്ന ദേശീയ സമ്മേളനത്തിലേയ്ക്ക്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങള് മുഖേന കേരളത്തിലെ അജൈവ മാലിന്യ ശേഖരണ സംസ്കരണ മേഖലയിലെ മുന്നിര പ്രവര്‍ത്തകരായ ഹരിതകര്‍മ്മ സേനാംഗങ്ങള്ക്ക് യു.എന്.വനിതാ വിഭാഗം സംഘടിപ്പിക്കുന്ന ദേശീയ സമ്മേളനത്തില് പങ്കെടുക്കാന് അവസരം ലഭിച്ചു.തിങ്കളാഴ്ച 7.3.2022നു രാവിലെ ന്യൂഡെല്ഹി ലോധി റോഡിലുള്ള ഇന്ത്യ ഹാബിറ്റാറ്റ് സെന്ററില് നടക്കുന്ന സമ്മേളനത്തില് പങ്കെടുത്ത് സംസാരിക്കാനായി ഇവര് ഞായറാഴ്ച നെടുമ്പാശേരി  വിമാനത്താവളത്തില് നിന്നും യാത്ര തിരിച്ചു.



ഇടുക്കി ജില്ലയിലെ കാന്തല്ലൂര് പഞ്ചായത്തില് നിന്നും അനു സുനില്,മറയൂരില് നിന്നും രേഖാ സോണി,മാങ്കുളത്തു നിന്നും പി.എസ്. ലയമോള്,സിമി ബേസില്,ആതിരപ്പിള്ളിയില് നിന്നും ഗിരിജ രവി എന്നിവരാണ് സമ്മേളനത്തില് പങ്കെടുക്കുന്നത്.ഹരിതകര്‍മ്മ സേനാംഗങ്ങളെ യുഎന്ഡിപി ക്ലസ്റ്റര് കോര്‍ഡിനേറ്റര് കാര്‍ത്തികയും അനുഗമിക്കുന്നുണ്ട്.
.
ഈ പഞ്ചായത്തുകളില് യുണൈറ്റഡ് നേഷന്സ് ഡവലപ്മെന്റ് പ്രോഗ്രാമി(യു.എന്.ഡി.പി.)ന്റെ  ആഭിമുഖ്യത്തില് ഹരിതകേരളം മിഷന് വനം വകുപ്പുമായി ചേര്‍ന്നു നടപ്പാക്കുന്ന സുസ്ഥിര ഉപജീവനവും ജൈവ  വൈവിധ്യ സംരക്ഷണവും എന്ന പദ്ധതിയുടെ ഭാഗമായാണ് ഹരിത കര്‍മ്മ സേനാംഗങ്ങള്ക്ക് ദേശീയസമ്മേളനത്തില് പങ്കെടുക്കാന് അവസരം ലഭിച്ചത്.

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് കര്‍മ്മ മേഖലകളില് തടസ്സങ്ങളെ മറികടന്നു മികവു തെളിയിക്കുകയും  ലിംഗനീതിയ്ക്കായ് പ്രവര്‍ത്തിക്കുന്നവരെയും പങ്കെടുപ്പിച്ച് യു.എന്.
വനിതാവിഭാഗമാണ്  സമ്മേളനം സംഘടിപ്പിച്ചിട്ടുള്ളത്.കര്‍മ്മ രംഗത്തു നേരിട്ട അനുഭവങ്ങള് പങ്കുവെയ്ക്കാനും വിജയഗാഥകള് പറയാനുമാണ് ഇവര്ക്ക്

അവസരം ലഭിച്ചിരിക്കുന്നത്.

പാഴ് വസ്തു ശേഖരണ സംസ്കരണ പ്രക്രിയയില് ഏര്പ്പെട്ടിരിക്കുന്ന ഹരിതകര്മ്മ സേനാംഗങ്ങള്ക്ക് അംഗീകാരവും അവരുടെ തൊഴിലിന് സ്വീകാര്യതയും അവര്ക്ക് ആത്മധൈര്യവും ഈ  അവസര ലഭ്യതകൊണ്ട് നേടാനായതായി നവകേരളം കര്മ്മപദ്ധതി കോര്ഡിനേറ്ററും ഹരിത കേരളം മിഷന് എക് സിക്യൂട്ടീവ് വൈസ് ചെയര്പേഴ്സണുമായ ഡോ. ടി.എന് സീമ പറഞ്ഞു.